പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1190 — 03/12/2015 - ൽ മറുപടിയ്ക്ക്

**ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജി. എസ്. ജയലാൽ** | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രകാരം ഏതൊക്കെ സ്കൂളുകളിൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ; | (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, നിയോജക മണ്ഡലത്തിലെ പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ മാത്രമേ സീമാറ്റ് -കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞിട്ടുള്ളൂ. സ്കൂളുകൾ സംബന്ധിച്ച അന്തിമ തീരുമാനം ആയിട്ടില്ല. |
| (ബി) പ്രസ്തുത ഓരോ സ്കൂളുകളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങളും ആയതിലേയ്ക്ക് ചെലവഴിക്കപ്പെട്ട തുകയും എത്രയെന്ന് പ്രത്യേകമായി അറിയിക്കുമോ; | (ബി) സീമാറ്റ് -കേരളയുടെ നേതൃത്വത്തിൽ ഓരോ മണ്ഡലത്തിലും പ്രോജക്ട് തയ്യാറാക്കുകയും ആ നിയോജക മണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള മുഴുവൻ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച രണ്ട് ദിവസത്തെ മാനേജ്മെന്റ് പരിശീലനവും നൽകി വരുന്നു. എം.എൽ.എമാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ/എസ്.എസ്.എ ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധന സ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) കൊല്ലം ജില്ലയിൽ പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കിയ നിയോജക മണ്ഡലം ഏതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ കൊല്ലം ജില്ലയിൽ നിന്നും ചാത്തന്നൂർ, പത്തനാപുരം എന്നീ അസംബ്ലി നിയോജക മണ്ഡലങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, |

നിയോജക മണ്ഡലത്തിലെ പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ് -കേരളയുടെ നേതൃത്വത്തിൽ പൂർത്തിയാക്കി കഴിഞ്ഞു. പത്തനാപുരം അസംബ്ലി നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പ് സംബന്ധിച്ച ആശയ രൂപീകരണം കഴിഞ്ഞ് പ്രോജക്ട് തയ്യാറാക്കിവരുന്നു.

Sreedevi

സെക്ഷൻ ഓഫീസർ